# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 2282    8.7.2015-ൽ മറുപടിക്ക്

## <u>ബയോമെഡിക്കൽ മാലിന്യപ്ലാന്റ്</u>

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. കെ. സുരേഷ് കുറുപ്പ്** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 2014-15 ബഡ്ജറ്റിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ബയോമെഡിക്കൽ മാലിന്യപ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ; | (എ)<br>&<br>(ബി) | 2014-15 ബഡ്ജറ്റിൽ മൂന്നുകോടി ഇരുപത് ലക്ഷം രൂപ ബയോമെഡിക്കൽ പ്ലാന്റിന്റെ പ്രവർത്തനത്തിനായി സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം. 2191/14/ആ.കുവ. തീയതി 30/06/2014 പ്രകാരം തിരുവനന്തപുരം, കണ്ണൂർ, വയനാട്, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകൾക്ക് അനുവദിക്കുകയുണ്ടായി. ടി ഫണ്ട് സ.ഉ.(സാധാ) നം. 3839/14/ആ.കുവ. തീയതി 28/11/2014 പ്രകാരം അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിനായി ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നതെന്നും എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | | |
| (സി) | സ്വകാര്യമേഖലയിലെ പങ്കാളിയായി ഏത് കമ്പനിയെയാണ് തെരഞ്ഞെടുത്തത് ; പ്രസ്തുത കമ്പനി ഇതിനായി മുതൽ മുടക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുക; വ്യക്തമാക്കാമോ? | (സി) | ആശുപത്രികളിലെ ബയോമെഡിക്കൽ മാലിന്യങ്ങൾ നിർമാർജ്ജനം ചെയ്യുന്നത് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റേയും സർക്കാരിന്റേയും അംഗീകാരത്തോടെ 'ഐ.എം.എ' യുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചു വരുന്ന 'IMAGE' എന്ന സ്ഥാപനവുമായി ഒപ്പിട്ട കരാറിന്റെ അടിസ്ഥാനത്തിലാണ്. |

Deep

**സെക്ഷൻ ഓഫീസർ**